**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5939** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വാങ്ങി നൽകൽ പദ്ധതി എന്നിവ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെങ്കിലും ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. ലഭ്യമായിട്ടുള്ള റവന്യൂ ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്നുവരുന്നു. |
| (ബി) | വനാവകാശ നിയമപ്രകാരം വനഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,714 പേർക്ക് 35,405.56 ഏക്കർ ഭൂമിയ്ക്കുള്ള വ്യക്തിഗത അവകാശങ്ങൾക്കുള്ള കൈവശരേഖയും, 183 സാമൂഹിക അവകാശങ്ങളും, 503 പേർക്ക് 187.38 ഏക്കർ ഭൂമിയുടെ വികസന അവകാശങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതി ഉത്തരവു പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 4,731 പേർക്കായി 5,333.14 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതുപ്രകാരം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വാങ്ങി നൽകിയെന്ന് വ്യക്തമാക്കുമോ? | (സി) | വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി വിലയ്ക്കു വാങ്ങി നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെയായി 816 പേർക്ക് 386.04 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം നാളിതുവരെയായി 176 പേർക്ക് 24.88 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂമി വിലയ്ക്കു വാങ്ങി നൽകുന്ന പദ്ധതി, ലാന്റ് ബാങ്ക് പദ്ധതി എന്നീ പദ്ധതികളിൽ ഒരേക്കർ ഭൂമി വീതം വാങ്ങി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ